**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5036** **04-07-2024 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിൽ ആനക്കുണ്ട് ജലാശയവുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ, പോർക്കളം ഗ്രാമപഞ്ചായത്തുകളിലെ ആനക്കുണ്ട് ജലാശയ സംരക്ഷണത്തിന്റെയും വികസനത്തിന്റെയും ഭാഗമായുള്ള വിനോദ സഞ്ചാര പദ്ധതിക്ക് 2021 – 22ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തു പണികളുടെ വിശദവിവരങ്ങൾ) വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) പ്രകാരം, രണ്ട് കോടി രൂപ അടങ്കൽ തുക കണക്കാക്കി, അതിന്റെ 20% ആയ 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു (ക്രമനമ്പർ: 2359).<br><br>ഏകദേശം 18 ഏക്കർ വിസ്തൃതിയുള്ളതും നെൽകൃഷി ചെയ്യുന്നതുമായ പാടശേഖരമായതിനാൽ വിനോദ സഞ്ചാര പദ്ധതിക്കായി പ്രദേശത്തു ബണ്ടുകൾ സ്ഥാപിക്കേണ്ടതും അനുയോജ്യമായ റോഡ് നിർമിക്കേണ്ടതും ആനക്കുണ്ടിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും മണ്ണും നീക്കി ജലാശയത്തിന്റെ ആഴം കൂട്ടേണ്ടതും അത്യാവശ്യമാണ്. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായാൽ മാത്രമേ പ്രദേശത്തു ടൂറിസം പദ്ധതി നടപ്പാക്കാനാവൂ എന്നാണ് വിനോദ സഞ്ചാര വകുപ്പിന്റെ വിലയിരുത്തൽ.<br><br>അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാവുന്ന മുറയ്ക്ക്, ആനക്കുണ്ടിലെ വിനോദ സഞ്ചാര പദ്ധതി നടപ്പാക്കാനുള്ള തുടർനടപടികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ